നം.കെ.എസ്.എ/ഐ.ഡി.കെ-13/1741/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ

തീയതി. 30.12.2016

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in

# ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**************************

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12-01-2016മുതൽ 07-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08-12-2016 മുതൽ 17-12-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ. സി. ജെ ജോഷി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.കെ. അഭിലാഷ് | സീനി. ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | | |
| | ശ്രീ. ബെന്നി മാത്യു | സീനി. ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മിനി സാബു | 01-04-2015 മുതൽ 31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01-11-2015മുതൽ 18-11-2015 വരെ |
| | ശ്രീ. പി.കെ. രാജു | 19-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ. എ.ഒ. അജു | 01-04-2015 മുതൽ 31-03-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ. പി.എസ്. രാജൻ | 01-04-2015 മുതൽ 23-08-2015 വരെ |
| | ശ്രീ. ഷാഹുൽ അഹമ്മദ് | 24-08-2015 മുതൽ 31-03-2016 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. എ.എസ്. സുദീപ് | 01-04-2015 മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. വി.ജെ. മെർലിൻ ജോസ് | 01-04-2015 മുതൽ 21-05-2016 വരെ |
| | ശ്രീ. എം.എച്ച്. ഷബീർ | 22-05-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. പി.എസ്. സൗദാമിനിയമ്മ | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ(ആരോഗ്യം) | ഡോ. സുരേഷ് വർഗ്ഗീസ് | 01-04-2015 മുതൽ 16-01-2016 വരെ |
| | ഡോ. രജ്ഞിനി ജോൺസൺ | 17-01-2016 മുതൽ 31-03-2016വരെ |
| മെഡിക്കൽഓഫീസർ(ആയുർവേദം) | ഡോ. കെ.പി. ജിൻഷദ് സദാശിവൻ | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. എസ്.രവികുമാർ | 01-04-2015 മുതൽ 25-02-2016 വരെ |
| | ഡോ. ദിവ്യ സാംബശിവൻ | 26-02-2016 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. പി.ജി. ബിനോദ് | 01-04-2015 മുതൽ 31-03-2016 വരെ |
| ഗ്രാമസേവകൻ | ശ്രീമതി. ജോബിഷ ജോസഫ് | 01-04-2015 മുതൽ 31-03-2016 |

| | | |
|---|---|---|
| | | വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്ക് – പരിശോധന | 1-12 |
| | ഭാഗം 2 | |
| 13 | ബിൽഡിംഗ് പെർമിറ്റ് ഫീസ് – കുറഞ്ഞ നിരക്കിൽ ഈടാക്കിയത് | 2-1 |
| 14 | വസ്തു നികുതി നിർണയം – സഞ്ചയ സോഫ്റ്റ് വെയർ അപാകതകൾ | 2-2 |
| 15 | മൊബൈൽ ടവർ – വസ്തു നികുതി നിർണയിച്ച് ഈടാക്കിയില്ല | 2-3 |
| 16 | അപര്യാപ്തമായ കാർ പാർക്കിംഗ് സൗകര്യം, മതിയായ വ്യാപ്തിയുള്ള ഉമ്മറത്തിന്റെ അഭാവം എന്നിവ കണക്കിലെടുക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു | 2-4 |
| | ഭാഗം 3 | |
| 17 | ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടച്ചില്ല | 3-1 |
| 18 | റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി | 3-2 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്ന് വാറ്റ് ഈടാക്കിയില്ല | 3-3 |
| 20 | തെരുവ് വിളക്ക് – വൈദ്യുതി ചാർജ്ജ് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല | 3-4 |
| 21 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം – ഔദ്യോഗിക കൈപ്പറ്റ് രസീതുകൾ ലഭിച്ചില്ല | 3-5 |
| 22 | ജവഹർ പദ്ധതി അവലോകനം | 3-6 |

| | ഭാഗം 4 | |
|---|---|---|
| 23 | സംയുക്ത പ്രോജക്ട് – ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 33 | | അനുബന്ധം 2 |


*************************************

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26-03-2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹25,47,44,980/- ചെലവ് ₹6,50,82,480/-യുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2015 | 16-06-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2015-16 വർഷത്തെ ഓഡിറ്റിനൊപ്പം പരിശോധിച്ചു | |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ്

അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹3,96,22,096.59 |
| വരവ് | ₹10,12,02,558.00 |
| ആകെ | ₹14,08,24,654.59 |
| ചെലവ് | ₹12,47,34,327.00 |
| നീക്കിയിരിപ്പ് | ₹1,60,90,327.59 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി ₹ | അലോട്ട്മെന്റ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 2604689 | 17915837 | 20520526 | 15730516 | 76.65 |
| | എസ്.സി.പി. | 745195 | 1553100 | 2298295 | 1623836 | 70.65 |
| | ടി.എസ്.പി. | 1535488 | 1694000 | 3229488 | 1237419 | 38.31 |
| സംരക്ഷണഗ്രാന്റ് | റോഡ് | 2344570 | 16347000 | 18691570 | 17478306 | 93.50 |
| | നോൺറോഡ് | 1808470 | 4354000 | 6162470 | 5432771 | 88.15 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 1656991 | 4898079 | 6555070 | 6473846 | 98.76 |
| പെർഫോമൻസ് ഗ്രാന്റ് | | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 30046 | 2083108 | 2113154 | 2111604 | 99.92 |
| ബി-ഫണ്ട് (ഡി.ബി.റ്റി ഫണ്ട് ഉൾപ്പെടെ) | | | 24546108 | 24546108 | 24546108 | 100.00 |

## 1-6 പദ്ധതി അവലോകനം

ജില്ലാ ആസൂത്രണ സമിതിയുടെ 14-07-2016ലെ ഡി.പി.സി./543/2015/ഐ.ഡി.കെ. ആയുള്ള അന്തിമ ഉത്തരവ് പ്രകാരം ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 197 | 151941898 | 166 | 68570393 | 22 | 9 | 84.26 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

| ക്രമ നം. | പദ്ധതി നം. & പദ്ധതി | അടങ്കൽ ₹ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| ഇല്ല | | | |

<u>വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം</u>

| ക്രമ നം | നിർവ്വഹണഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ്% |
|---|---|---|---|---|
| 1 | സെക്രട്ടറി | 9226893 | 8089564 | 87.67 |
| 2 | അസി. സെക്രട്ടറി | 3650000 | 475000 | 13.01 |
| 3 | അസി. എഞ്ചിനീയർ | 80812775 | 36417154 | 45.06 |
| 4 | കൃഷി ഓഫീസർ | 1868750 | 1413175 | 75.62 |
| 5 | വെറ്റിനററി സർജൻ | 1307480 | 1203700 | 92.06 |
| 6 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 900000 | 600000 | 66.66 |
| 7 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 800000 | 800000 | 100.00 |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 100000 | 100000 | 100.00 |
| 9 | ഗ്രാമസേവകൻ | 47610000 | 15365800 | 32.27 |
| 10 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5666000 | 4106000 | 72.46 |
| ആകെ | | 151941898 | 68570393 | 45.12 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 13.54% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3826805 | 3075203 | (-)751602 | (-)19.64 |
| നികുതിയേതര വരവുകൾ | 752400 | 1007559 | 255159 | 33.91 |
| മറ്റ് വരവുകൾ | 752725 | 527084 | (-)225641 | (-)29.98 |
| ആകെ | **5331930** | **4609846** | **(-)722084** | **(-)13.54** |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| തൊഴിൽരഹിത വേതനം | | 93120 | 64 |
| കർഷകതൊഴിലാളി പെൻഷൻ | ഡി.ബി.റ്റി മുഖേന ചെലവഴിച്ചത് | 3061590 | 344 |
| വിധവാ പെൻഷൻ | | 8726800 | 812 |
| വാർദ്ധക്യകാല പെൻഷൻ | | 7898430 | 967 |
| വികലാംഗ പെൻഷൻ | | 3357425 | 281 |
| അവിവാഹിത പെൻഷൻ | | 165320 | 16 |
| വിവാഹ ധനസഹായം | | 590000 | 20 |
| ആകെ | | **23892685** | 2504 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-12-2016ന്

സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,861/-യുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു .

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും നടത്തി പരിപാലിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും 4 ഊരുകൂട്ടങ്ങളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01-12-2016 | 10, 11-2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-08-2009 മുതൽ 26-08-2009 വരെ | 2004-05 മുതൽ 2008-09 വരെ | 10/2009 |

## 1-12 വാർഷിക കണക്കുകളുടെ പരിശോധന

1. വാട്ടർവെയ്സ് എന്ന ഹെഡിൽ അസറ്റ് ഇല്ലാതെ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ - വാട്ടർവെയ്സ് (411320101) എന്ന ഹെഡിൽ ₹74,107/- എന്ന് കാണിച്ചിട്ടുണ്ട്. ഇല്ലാത്ത അസറ്റിന് ഡിപ്രീസിയേഷൻ കാണിച്ചിരിക്കുന്നത് തെറ്റാണ്.
2. ഇൻകം ഓവർ എക്സ്പിന്റിച്ചർ ആയി (-)₹26,51,491/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇൻകം ഓവർ എക്സ്പിന്റിച്ചർ നെഗറ്റീവ് ആയി കാണിച്ചിരിക്കുന്നത് തെറ്റാണ്.
3. പ്രയർ പീരിയഡ് – മിസല്ലേനിയസ് എക്സ്പെൻസസ് (280800601) എന്ന ഹെഡിൽ രേഖകളുടെ പിൻബലമില്ലാതെ ₹10,000/- എഴുതി തള്ളിയിരിക്കുന്നു.
4. അസറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

****************************

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബിൽഡിംഗ് പെർമിറ്റ് ഫീസ് - കുറഞ്ഞ നിരക്കിൽ ഈടാക്കിയത്

2015-16 സാമ്പത്തിക വർഷം താഴെ പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ ബിൽഡിംഗ് പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കിയിരിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| നം. | ലൈസൻസ് നം. | ലൈസൻസിയുടെ പേര് | കെട്ടിടവിസ്തീർണ്ണം | ഈടാക്കിയ ഫീസ് ₹ | ഈടാക്കേണ്ട ഫീസ് ₹ | ബാലൻസ് | രശീത് നം./തീയതി |
|---|---|---|---|---|---|---|---|
| 1 | എ4.4832/15 തീ.28/08/2015 | അഗസ്റ്റി ജോസഫ് | 232.33$m^2$ | 697/- (3/-$m^2$) | 1162/- (5/-$m^2$) | 465/- | 11503101693/16-09-2015 |
| 2 | എ4.4979/15 തീ.13/08/2015 | റോയി മാത്യു | 274.62$m^2$ | 824/- (3/-$m^2$) | 1373/- (5/-$m^2$) | 549/- | 11503101588/03-09-2015 |
| | | | | | ആകെ | 1014/- | |

മേൽ സൂചിപ്പിച്ച തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

### 2-2 വസ്തുനികുതി നിർണ്ണയം-സഞ്ചയ സോഫ്റ്റ് വെയർ അപാകതകൾ

2015-16 വർഷത്തിൽ സഞ്ചയ സോഫ്റ്റ് വെയർ മുഖേന നടത്തിയ വസ്തുനികുതി നിർണ്ണയത്തിൽ സോഫ്റ്റ് വെയറിലെ അപാകതകൾമൂലം തെറ്റ് സംഭവിച്ചിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | കെട്ടിട നം. | തറ വിസ്തീർണ്ണം | നികുതി നിരക്ക് | നിർണയിച്ച നികുതി ₹ | നിർണയിക്കേണ്ട നികുതി ₹ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1/376A | 6.0025 | 30 | 109 | 180(6.0025x30) | നിയമാനുസൃതം. |
| 2 | 6/143(UA) | 18 | 30 | 1134 | 1621(18x30x3) | നിയമാനുസൃതമല്ലാത്ത നിർമ്മാണം (വസ്തുനികുതി മൂന്ന് ഇരട്ടി നിരക്കിൽ) |
| 3 | 8/516B(UA) | 17.085 | 30 | 1386 | 1538(17.085x30x3) | “ |

മേൽ സൂചിപ്പിച്ച തരത്തിലുള്ള തെറ്റുകൾ കണ്ടെത്തി തിരുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 2-3 മൊബൈൽ ടവറുകൾ - വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയില്ല

പഞ്ചായത്തിൽ വിവിധ വർഷങ്ങളിലായി കെട്ടിട നിർമാണ ലൈസൻസ് നേടിയ പതിനാല് മൊബൈൽ ടവറുകൾ ഉണ്ടെന്നും അവയിൽ നിന്നും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ലെന്നും സെക്രട്ടറി ഓഡിറ്റ് ഏൻക്വയറിയ്ക്കുള്ള മറുപടിയിൽ വിശദമാക്കുകയുണ്ടായി. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളിൽ ഭൗതിക പരിശോധന നടത്തി വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക അടക്കം (2013-14 മുതൽ പുതുക്കിയ നിരക്ക്) ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 അപര്യാപ്തമായ കാർപാർക്കിംഗ് സൗകര്യം,മതിയായ വ്യാപ്തിയുള്ള ഉമ്മറത്തിന്റെ അഭാവം എന്നിവ കണക്കിലെടുക്കാതെ കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചു

| | |
|---|---|
| ലൈസൻസ് നം. | എ4-4937/15/തീ.22/08/2015 |
| കെട്ടിട നം. | II/32 |
| കെട്ടിട ഉടമ | പ്രസിഡണ്ട്, മുരിക്കാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് |
| കെട്ടിട വിസ്തീർണ്ണം (കാർപെറ്റ് ഏരിയ) | 742.52m $^{2}$ |

മുരിക്കാശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് മേൽ സൂചിപ്പിച്ച പ്രകാരം കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രകാരം നിലവിലെ കെട്ടിടമുൾപ്പെടെ മൊത്തം 742.52 $m^2$ കാർപെറ്റ് ഏരിയ ആണുള്ളത്. 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങളിലെ 38-ാം ചട്ടം, പട്ടിക 4B പ്രകാരം 1000$m^2$ന് താഴെ കാർപെറ്റ് ഏരിയ ഉള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഓരോ 75$m^2$ കാർപെറ്റ് വിസ്തീർണ്ണത്തിനും ഒരു കാർ പാർക്കിംഗ് വീതം ആവശ്യമാണ്. ഇങ്ങനെ നിശ്ചയിക്കുന്ന പാർക്കിംഗിന്റെ 75% ആണ് കാറ്റഗറി II പഞ്ചായത്തിൽ ആവശ്യമായിട്ടുള്ളത്. ആയതിനാൽ കാറ്റഗറി II പഞ്ചായത്തിലുൾപ്പെടുന്ന ഈ കെട്ടിടത്തിന് ആവശ്യമായ കാർ പാർക്കിംഗ് 8 എണ്ണമാണ് (742.52/75x75%). എന്നാൽ സമർപ്പിച്ച പ്ലാൻ പ്രകാരം മൂന്ന് കാറുകൾക്ക് ആവശ്യമായ പാർക്കിംഗ് സൗകര്യം മാത്രമേ ഉള്ളൂ. ആയതിനാൽ കുറവുള്ള 5 കാർ പാർക്കിംഗുകൾക്ക് കേരള പഞ്ചായത്ത് ബിൽഡിംഗ് (റഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങൾ 2014 പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീ ഗവൺമെന്റിൽ അടച്ചതിനുശേഷമേ കെട്ടിടനിർമ്മാണത്തിന് അംഗീകാരം നൽകാവൂ. മേൽ ചട്ടങ്ങളിലെ അപ്പെൻഡിക്സ് I(2)(b) പ്രകാരം കുറവുള്ള ഒരു കാർ പാർക്കിംഗിന് ₹5,00,000/- എന്ന നിരക്കിൽ ആകെ ₹25,00,000/-യാണ് കോമ്പൗണ്ടിംഗ് ഫീ ആയി ഗവൺമെന്റിൽ അടവാക്കേണ്ടത്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 27(3) അനുശാസിക്കുംവിധത്തിലുള്ള 3 മീറ്റർ വ്യാപ്തിയുള്ള ഉമ്മറവും സജ്ജീകരിച്ചിട്ടുള്ളതായും സ്ഥലം നേരിട്ട് സന്ദർശിച്ചപ്പോൾ കണ്ടില്ല.

മേൽ സൂചിപ്പിച്ച ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണത്തിന് സാങ്കേതിക അനുമതി നല്കിയ അസി. എഞ്ചിനീയർ തുടർന്ന് നിർമ്മാണാനുമതി നല്കിയ സെക്രട്ടറി എന്നിവരുടെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ചയാണുണ്ടായിരിക്കുന്നത്. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**********************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടച്ചില്ല - ചെലവ് തടസ്സം ₹10,000/-

20.08.2015-ലെ വൗച്ചർ നമ്പർ 215000485 പ്രകാരം ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി ₹1,10,000/- പിൻവലിച്ചു. ഇതിൽ ₹10,000/- കൈപ്പറ്റിയ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പി. എസ്. രാജൻ നാളിതുവരെ തുക തിരിച്ചടച്ചിട്ടില്ല. നൽകിയ മുൻകൂർ തിരികെ ഈടാക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി നഷ്ടം ₹81814/

കോൺക്രീറ്റ് റോഡ് നിർമാണത്തിൽ 1:4:8 അനുപാതത്തിലുള്ള സബ് ബേസ് കോൺക്രീറ്റിംഗിന് മുകളിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗ് നടത്തുന്നതിന് ഡി.എസ്.ആർ. ഇനം 4.1.3 പ്രകാരം കൺവീനർക്ക് ₹7,062/-എം3 നിരക്കാണ് നൽകേണ്ടത്. എന്നാൽ സി.സി. 1:2:4ന് മുകളിൽ, മിനുക്കുപണി ഉൾപ്പടെയുള്ള ഫ്ലോറിംഗിനായുള്ള ഡി.എസ്.ആർ. ഇനം 11.7 അനുസരിച്ചുള്ള നിരക്കായ ₹7,440.40/എം3 റോഡ് കോൺക്രീറ്റിംഗിന് നൽകിയത് മൂലം ₹8,184/- അധികമായി കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എൻജിനീയർ, എസ്റ്റിമേറ്റ് അംഗീകരിച്ച അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് അധികം നൽകിയ ₹81,814/- തുല്യമായി ഈടാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 3-3 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പ്രവൃത്തികൾക്ക് ആവശ്യമായ മണൽ, സിമന്റ്, മെറ്റൽ മുതലായവ ടെണ്ടർ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും സ്രോതസ്സിൽ വാറ്റ് ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | കരാറുകാരന്റെ പേര് | വിതരണം ചെയ്ത സാധനങ്ങൾ | | | | | നൽകിയ തുക ₹ | ഈടാക്കേണ്ട വാറ്റ് @14.5% |
|---|---|---|---|---|---|---|---|---|
| | | 20 എം.എം.മെറ്റൽ | 40എം.എം.മെറ്റൽ | മണൽ | സിമന്റ് | കല്ല് | | |
| 1 | പി.സി .മാത്യു | 124.28 എം3 | 167.52 എം3 | 149.85എം3 | 1426ചാക്ക് | 73.5എം3 | 1602043 | 232296 |
| 2 | ഏലിയാസ് സി എസ് | 9.416 എം3 | 13.253 എം3 | 11.404 എം3 | 116ചാക്ക് | | 117546 | 17044 |
| 3 | ഷൈൻ ടി ജോസഫ് | 10.13 എം3 | 14.25 എം3 | 12.26 എം3 | 125ചാക്ക് | | 251345 | 36445 |
| 4 | ജീനോ ജോർജ് | 9.105 എം3 | 12.83 എം3 | 11.03 എം3 | 112ചാക്ക് | | 114039 | 16536 |
| 5 | തോമസ് ജോസഫ് | 248.99 എം3 | 34.91 എം3 | 331.73 എം3 | 2890ചാക്ക് | | 2978694 | 431911 |
| 6 | അനീഷ് ജോസഫ് | 15.08 എം3 | 21.23 എം3 | 18.27 എം3 | 187ചാക്ക് | | 188782 | 27373 |
| | | | | | | | ആകെ | 761605 |

വാറ്റ് ഇനത്തിൽ ഈടാക്കുവാനുള്ള ₹7,61,605/- ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല - ചെലവ് തടസ്സം ₹4,65,021/-

തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ₹4,65,021/- 2015-16 വർഷം ഒടുക്കിയിട്ടുണ്ട്. പഞ്ചായത്തിൽ എത്ര തെരുവുവിളക്കുകൾ ഉണ്ടെന്നോ, എത്ര എണ്ണം പ്രവർത്തനക്ഷമം ആണെന്നോ ഉള്ള വിവരം ലഭ്യമല്ല. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. വൈദ്യുതി ബോർഡിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ര.നം | വൗച്ചർ നം. & തീയതി | തുക |
|---|---|---|
| 1 | 21500015/13.04.15 | 22213 |
| 2 | 21500101/05.05.15 | 22213 |
| 3 | 21500206/12.06.15 | 22213 |
| 4 | 21500292/07.07.15 | 22213 |
| 5 | 21500397/04.08.15 | 22213 |
| 6 | 21500536/16.09.15 | 22213 |
| 7 | 21500580/17.09.15 | 159628 |
| 8 | 21500625/01.10.15 | 34423 |
| 9 | 21500727/3.11.15 | 34423 |
| 10 | 21500797/02.12.15 | 34423 |

| | | |
|---|---|---|
| 11 | 21500941/16.01.16 | 34423 |
| 12 | 21501044/02.02.16 | 34423 |
| 13 | 21501215/09.03.16 | 34423 |
| | ആകെ | 499444 |

₹4,99,444/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - ഔദ്യോഗിക കൈപ്പറ്റ് രസീതുകൾ ലഭിച്ചില്ല - ₹1,38,111/- തടസ്സം

തൻവർഷം അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി ₹1,38,111/- ഒടുക്കുന്നതിനായി 8 ഡിമാന്റ് ഡ്രാഫ്റ്റുകൾ എടുത്തിട്ടുള്ളതായി കാണുന്നു. ആയത് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻസ് വർക്കേഴ്സ് വെൽഫയർ ബോർഡിലേയ്ക്ക് അയച്ച് നൽകിയതിന്റെ ഉപരിപത്രത്തിന്റെ പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. എന്നാൽ വെൽഫയർ ബോർഡ് പ്രസ്തുത ഡി.ഡി.-കൾക്ക് ഔദ്യോഗിക കൈപ്പറ്റ് രസീത് നൽകിയിട്ടില്ല.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് മുൻവർഷങ്ങളിൽ ഒടുക്കിയ തുകകളുടെ ഔദ്യോഗിക കൈപ്പറ്റ് രസീതുകൾ നാളിതുവരെയായി ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ഇത് സാമ്പത്തിക ക്രയവിക്രയം സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഔദ്യോഗിക രസീതുകൾ നൽകാത്ത സാഹചര്യത്തിൽ, ലഭിക്കുന്ന തുകകൾ പ്രസ്തുത സ്ഥാപനം ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്താനാവില്ല. ആയതിനാൽ എല്ലാ ഡി.ഡി.കളുടെയും ഔദ്യോഗിക രസീതുകൾ ലഭിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ₹1,38,111/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ജവഹർ ഭവനപദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27-05-2015ലെ സ.ഉ.(പി.)1577/15 നം. ഉത്തരവ് പ്രകാരം ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ നിന്നും ₹2,16,00,000/- 11% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ₹1,60,00,000/- നാളിതുവരെ വായ്പ എടുത്തിട്ടുണ്ട്.

108 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ₹2,00,000/- നിരക്കിൽ ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 113 ഗുണഭോക്താക്കൾ കരാർ വച്ചതിൽ 32 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ പദ്ധതിക്കായി ₹1,58,00,000/- ചെലവഴിച്ചിട്ടുണ്ട്. ഗ്രാമസേവകന്റെ ജവഹർ പദ്ധതി

അക്കൗണ്ടിൽ (അക്കൗണ്ട് നം. 420617) നാളിതുവരെയുള്ള പലിശ തുക ₹2,75,645/- 09-12-2016ൽ നീക്കിയിരിപ്പുണ്ട്.

*************************

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| - ഇല്ല - | | | | | |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| - ഇല്ല - | | | | | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ ₹ | പലിശ ₹ | |
| - ഇല്ല – | | | | | | |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999-00 | | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് – സാമ്പത്തികാനുകൂല്യം നല്കിയതിൽ ക്രമക്കേടുകൾ | |
| 2003-04 | 3-6, 3-7 | 2006-07 | 3.3, 5.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയിട്ടില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹10,12,02,558 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹12,47,34,327 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1,014 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹81,814 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹14,09,160 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 2-1 | 1014 | . | | ശ്രീ. എ. ഒ. അജു, സെക്രട്ടറി |
| 3-2 | . | 81814 | 40907 | ശ്രീ. എ. എസ്. സുദീപ്, അസി. എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| | | | 40907 | ശ്രീ. ആർ. സോമരാജൻ, അസി.എക്സി. എഞ്ചിനീയർ |
| ആകെ | 1014 | 81814 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 3-1 | 10000 | ശ്രീ. എ. ഒ. അജു, സെക്രട്ടറി | |
| 3-3 | 761605 | ശ്രീ. എ. ഒ. അജു, സെക്രട്ടറി | |
| 3-4 | 499444 | ശ്രീ. എ. ഒ. അജു, സെക്രട്ടറി | |
| 3-5 | 138111 | ശ്രീ. എ. എസ്. സുദീപ്, അസി. എഞ്ചീനീയർ | |
| ആകെ | 1409160 | | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-2 മുതൽ 3-4 വരെ

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എ.ഒ. അജു, സെക്രട്ടറി | സെക്രട്ടറി വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | അലീന ഇല്ലം, പേഴൂട്ടുക്കുഴി നെയ്യാറ്റിൻകര പി. ഒ. തിരുവനന്തപുരം |
| ശ്രീ. എ.എസ്. സുദീപ്, അസി. എഞ്ചിനീയർ | എ. ഇ., എൽ.എസ്.ജി.ഡി.ഇ. വെള്ളിയാമറ്റം സെക്ഷൻ | അരപ്പനാൽ വീട് മരക്കാനം കൊന്നത്തടി പി. ഒ. |
| ശ്രീ. ആർ. സോമരാജൻ, അസി.എക്സി. എഞ്ചിനീയർ | അസി.എക്സി. എഞ്ചിനീയർ എൽ.എസ്.ജി.ഡി.ഇ. ഇടുക്കി സബ്ഡിവിഷൻ | മംഗളപള്ളിൽ വടക്കേതിൽ വീട് വെട്ടുവേണി, ഹരിപ്പാട്, ആലപ്പുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| | |
| 1996-97 | എൽ.എഫ്.ഐ.-9/130/98/02.11.98 |
| 1997-98 | എൽ.എഫ്.ഐ.-9/209/99/27.10.99 |
| 1998-99 | എൽ.എഫ്.ഐ.-9/292/2000/21.10.2000 |
| 1999-2000 | എൽ.എഫ്.ഐ.-9/158/01/31.07.01 |
| 2000-01 | എൽ.എഫ്.ഐ.-9/29/02/08.08.02 |
| 2001-02 | എൽ.എഫ്.ഐ.-9/577/03/07.01.04 |
| 2002-03 | എൽ.എഫ്.ഐ.-9/691/04/14.02.05 |
| 2003-04 | എൽ.എഫ്.ഐ.-9/174/06/12.07.06 |
| 2004-05 | എൽ.എഫ്.ഐ.-10/948/06/01.12. 06 |
| 2005-06 | എൽ.എഫ്.ഐ.-10/500/07/10.07.07 |
| 2006-07 | എൽ.എഫ്.ഐ.-10/883/08/22.05.09 |
| 2007-08 | എൽ.എഫ്.ഐ.-13/18/10/18.11.10 |
| 2008-09 | എൽ.എഫ്.ഐ.-13/565/11/22.10.11 |
| 2009-10 | എൽ.എഫ്.ഐ.-13/566/11/22.10.11 |
| 2010-11 | എൽ.എഫ്.ഐ.-13/1452/12/07/07.03.13 |
| 2011-12 | എൽ.എഫ്.ഐ.-13/934/13/11.03.14 |
| 2012-13 | എൽ.എഫ്.ഐ.-13/578/14/24.06.14 |
| 2013-14 | എൽ.എഫ്.ഐ.-13/717/15/17.07.15 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-13/173/2016 /04-05-2016 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രങ്ങൾ

നം. കെ.എസ്.എ.-ഐ.ഡി.കെ.-**13/1741/2016**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
തീയതി. 30.12.2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ **2015-16** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ **2015-16**ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

**No.KSA-IDK-13/1741/2016**

Kerala State Audit Department
District Audit Office
Idukki, Thodupuzha

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
Dated : 30.12.2016

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Vathikkudi** Grama Panchayat in **Idukki** District for the year ended on **31-03-2016** in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Vathikkudi** Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

**DEPUTY DIRECTOR**
**KERALA STATE AUDIT DEPARTMENT**

## അനുബന്ധം -2

### റോഡ് കോൺക്രീറ്റിംഗ് - അധിക തുക നൽകിയതിന്റെ വിശദാംശം കാണിക്കുന്ന പത്രിക

| ക്രമ നം. | പ്രവൃത്തിയുടെ വിവരം/ അടങ്കൽ/ കൺവീനറുടെ പേര് | എം. ബുക്ക് നം./ ബിൽ നം. & തുക ₹ | സി.സി 1:2:4 ചെയ്ത അളവ് എം3 | ₹7440.40/എം3 നിരക്കിൽ നൽകിയ തുക ₹ | 7062/എം3 നിരക്കിൽ നൽകാവുന്ന തുക ₹ | എ.എസ്-ൽ പരിമിതപ്പെടുത്തുന്നതിന് കുറച്ച തുക ₹ | അധികം നൽകിയത് ₹ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1) | ചെമ്പകപ്പാറ ഓണാട്ടുപടി കള്ളിപ്പാറ റോഡ് കോൺക്രീറ്റിംഗ് (17816), ₹4,46,000/-, ദിലീപ് ഒ. എസ്. | 88/15-16, 112/15-16/ 18-03-2016 ₹1,17,000/- 130/22-03-16 ₹1,10,000/- തനത് ഫണ്ട് ₹2,19,000/- | 20.76 | 154462.70 | 146607.12 | 294 | 7562 |
| 2) | മേലേ ചിന്നാർ കുഴിക്കാട്ടുപടി ചൂരപ്പാറ റോഡ് കോൺക്രീറ്റിംഗ് (50/16),₹2,00,000/-, സുബിൻ വർഗീസ് | 122/15-16, 154/15-16/ 31-03-2016 ₹1,50,000/- തനത് ഫണ്ട് ₹50,000/- | 11.024 | 82022.96 | 77851.49 | - | 4172 |
| 3) | മേലേ ചിന്നാർ അംഗൻവാടി പടി കാഞ്ഞിരത്താംകുന്നേൽ പടി റോഡ് ഐറിഷ് ഡ്രയിനേജ് (54/16),₹4,50,000/-, ബിജു മാത്യു | 112/15-16, 160/15-16/ 31-03-2016 ₹4,48,127/- | 19.004 | 141397.36 | 134206.25 | - | 7191 |
| 4) | ദൈവംമേട് കാടൻകാവിൽപടി തെക്കേൽപടി റോഡ് (41/16),₹3,00,000/-, സജി ദേവസ്യ | 45/15-16, 41/15-16/ 18-01-2016 ₹2,50,000/- തനത് ഫണ്ട് ₹50,000/- | 15.41 | 114656.56 | 108825.42 | - | 5831 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 5) | രാജപുരം പാറസിറ്റി റോഡ് (118/16),₹4,95,000/-, തോമസ് ജോണി | 50/15-16, 48/15-16/ 22-01-2016 ₹4,94,768/- | 19.64 | 146129.45 | 138697.68 | - | 7432 |
| 6) | വേങ്ങപ്പാറപ്പടി മാട്ടേൽപടി എസ്.റ്റി. കോളനി റോഡ് (80/16),₹3,37,420/-, പി.സി.ജോർജ് | 105/15-16, 139/15-16 /30-03-2016 ₹3,37,419/- | 18.103 | 134693.56 | 127843.39 | 198 | 6652 |
| 7) | പെരുതൊട്ടി എസ്.സി. കോളനി റോഡ് (79/16),₹2,66,000/-, കൊച്ചുകുഞ്ഞ് | 73/15-16, 96/15-16/ 23-02-2016 ₹2,65,373/- | 14.96 | 111308.38 | 105647.52 | - | 5661 |
| 8) | കനകക്കുന്ന് മാളിയേക്കൽപടി റോഡ് ഐറിഷ് ഡ്രയിനേജ് (90/16),₹4,29,000/-, ജോളിമോൻ ആന്റണി | 58/15-16, 85/15-16/ 12-02-2016 ₹4,29,000/- | 18.44 | 137200.98 (എം.ബുക്കിൽ ₹1,37,572.99 എന്നാണ് കൊടുത്തിരിക്കുന്നത്) | 130223.28 | 59 | 6919 |
| 9 | പള്ളിപ്പടി നേർച്ചപ്പാറ റോഡ് കോൺക്രീറ്റിംഗ് (105/16),₹2,00,000/-, ജോൺ | 40/15-16, 44/15-16/ 20-01-2016 ₹2,00,000/- | 11.25 | 83704.5 | 79447.5 | 1076 | 3181 |
| 10 | പള്ളിപ്പടി നേർച്ചപ്പാറ റോഡ് കോൺക്രീറ്റിംഗ് (120/16),₹4,95,000/-, ജോൺ മുണ്ടക്കൽ | 79/15-16, 98/15-16/ 29-02-2016 ₹2,95,000/- 99/15-16/ 29-02-2016 ₹2,00,000/- | 22 | 163688.8 | 155364 | 940 | 7385 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | ഈന്തുംമേട് ബഥേൽ റോഡ്<br>(42/16),₹2,50,000/-, ദേവസ്യ മൈക്കിൾ | 54/15-16,<br>50/15-16/ 22-01-2016<br>₹2,49,999/- | 13.73 | 102156.69 | 96961.26 | 258 | 4937 |
| 12 | കലയത്തിങ്കൽപടി സി.എം. സെന്റർ പടി റോഡ്<br>(100/16),₹2,25,000/-, ആസാദ് റ്റി.എസ്. | 62/15-16,<br>94/15-16/ 23-02-2016<br>₹2,25,000/- | 12.38 | 92112.15 | 87427.56 | 623 | 4062 |
| 13 | ആട്ടുകുഴിപടി കോടങ്കയംപടി മൃഗാശുപത്രി റോഡ്<br>(20/16),₹2,00,000/-, ബേബി എ. പി. | 47/15-16,<br>42/15-16/ 18-01-2016<br>₹1,98,982/- | 10.907 | 81152.44 | 77025.23 | - | 4127 |
| 14 | കൊച്ചുകരോട്ട്പടി മണികണ്ഠപടി റോഡ്<br>(8/16),₹2,00,000/-, ജയിംസ് ചാക്കോ | 42/15-16,<br>21/15-16/ 28-12-2015<br>₹1,99,685/- | 9.5 | 70683.8 | 67089 | - | 3595 |
| 15 | പാഴൂർപടി നെല്ലിശ്ശേരിപടി റോഡ്<br>(92/16),₹1,50,000/-, ജോമോൻ ജോസ് | 66/15-16,<br>146/15-16/ 30-03-2016<br>₹1,49,710/- | 8.21 | 61085.68 | 57979.02 | - | 3107 |
| | | | | | | ആകെ | 81814 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി